വിരമിക്കുന്നവർക്ക് പ്രതിമാസം 600 രൂപയും നൽകുന്നു. പെൻഷനായവർ മരണമടഞ്ഞാൽ ശവസംസ്കാര സാമ്പത്തിക സഹായമായി 1000 രൂപ നൽകുന്നു. പെൻഷണർ മരണമടഞ്ഞാൽ അനന്തരാവകാശിക്ക് പെൻഷൻ കുടിശ്ശിക നൽകുന്നു. ബീഡി തൊഴിലാളികൾക്ക് സൂപ്പറാന്നുവേഷൻ പെൻഷനായി 600 രൂപ പ്രതിമാസം നൽകുന്നുണ്ട്. പെൻഷണർ മരണമടഞ്ഞാൽ അനന്തരാവകാശിക്ക് പെൻഷൻ കുടിശ്ശിക നൽകുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

തൊഴിലാളി ക്ഷേമനിധി ബോർഡ്

289 (978) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധിയിലേക്ക് തൊഴിലാളികളിൽനിന്നും തൊഴിൽ ഉടമകളിൽനിന്നുമുള്ള ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഡിറ്റുകളും കണക്കുകളും സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നുണ്ട്. ബോർഡിൽ ഇന്റേണൽ ഓഡിറ്റും നടത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പരിശോധനാ വിഭാഗം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഫീസുകളിലും പരിശോധന നടത്തുന്നുണ്ട്.

ഒറ്റപ്പാലം ഐ.ടി.ഐ.

290 (979) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒറ്റപ്പാലം കരിമ്പുഴയിൽ ഐ.ടി.ഐ. എന്നാണ് ആരംഭിച്ചത് എന്നും കരിമ്പുഴയിലെ എളമ്പുലാശ്ശേരി ഐ.ടി.-യിൽ ഏതെല്ലാം ട്രെയിഡുകൾ ആണ് നിലവിലുള്ളത് എന്നും എത്ര കുട്ടികൾ ഏതെല്ലാം കോഴ്സുകൾക്ക് ചേരുകയുണ്ടായി എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഐ.ടി.ഐ.-യിൽ എത്ര അധ്യാപകരെയും അനധ്യാപകരെയും നിയമിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) ജി.ഒ. (എംഎസ്.) നമ്പർ 67/15/തൊഴിൽ തീയതി 18-6-2015 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ എളമ്പുലാശ്ശേരി ഐ.ടി.ഐ. 2015 ഒക്ടോബർ മാസം 19-ന് പ്രവർത്തനം ആരംഭിച്ചു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളാണ് നിലവിലുള്ളത്. ഈ വിദ്യാഭ്യാസ വർഷം ടി ഐ.ടി.ഐ. യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 20 പരിശീലനാർത്ഥികൾക്കും പ്ലംബർ ട്രേഡിൽ 21 പരിശീലനാർത്ഥികൾക്കും അഡ്മിഷൻ നടത്തി ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഐ.ടി.ഐ. യിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. എളമ്പുലാശ്ശേരി ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ അധിക ചുമതല മലമ്പുഴ ഐ.ടി.ഐ. വൈസ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ. യിലെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ ട്രേഡുകളിലേക്ക് പരിശീലനം നൽകുന്നതിനായി മലമ്പുഴ ഐ.ടി.ഐ.-യിലെ ഇൻസ്ട്രക്ടർമാരുടെ സേവനം താൽക്കാലികമായി ലഭ്യമാക്കിയിട്ടുണ്ട്.

മൂന്നാറിലെ തോട്ടം തൊഴിലാളി സമരം

291 (980) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളും വ്യവസ്ഥകളും എന്തായിരുന്നു: വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly